Malayala Manorama

30 August 2018

Thiruvananthapuram; Loan, World Bank And Asian Deelopment,Helping Hand

കേരളത്തിനു കൈത്താങ്ങേകാൻ ലോകബാങ്കും ഏഷ്യൻ വികസനബാങ്കും

വായ്പ അതിവേഗം

പ്രളയരൂക്ഷത പരിഗണിച്ച് 10 ദിവസം പഠനത്തിന് ലോകബാങ്ക് ■ ഇൻഷുറൻസ് തുക നേടാൻ ഇളവുകളുമായി കമ്പനികളും

മനോരമ ലേഖകൻ

തിരുവനന്തപുരം∙ പ്രളയത്തെ അതിജീവിച്ച് നവകേരളം സൃഷ്ടിക്കാനുള്ള സർക്കാർ പദ്ധതികൾക്കു സഹായം ഉറപ്പാക്കി ലോകബാങ്കും ഏഷ്യൻ വികസന ബാങ്കും. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതിനു വായ്പ നൽകാൻ തയാറാണെന്നും നാശനഷ്ടങ്ങളെക്കുറിച്ചും അടിയന്തര പരിഹാരങ്ങളെക്കുറിച്ചും അടുത്ത 10 ദിവസം കേരളത്തിൽ പഠനം നടത്തുമെന്നും ലോകബാങ്ക് പ്രതിനിധി സംഘം മുഖ്യമന്ത്രി പിണറായി വിജയനെ അറിയിച്ചു.

പഠനത്തിനു ശേഷം ചീഫ് സെക്രട്ടറി, ഉന്നത ഉദ്യോഗസ്ഥർ എന്നിവരുമായി ചർച്ച നടത്തി വായ്പാ ഘടന തയാറാക്കും. ലോകബാങ്കിന്റെ സഹായ വാഗ്ദാനം ഫലം കാണാൻ സാധാരണ രണ്ടു വർഷംവരെ എടുക്കാറുണ്ട്. എന്നാൽ, കേരളത്തിലെ പ്രളയത്തിന്റെ ഗൗരവം ഉൾക്കൊണ്ട്, അടിയന്തര സഹായമെത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് ചീഫ് സെക്രട്ടറി ടോം ജോസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രതിനിധികൾ വ്യക്തമാക്കി.

അതേസമയം, പ്രളയബാധിതർക്ക് ഇൻഷുറൻസ് തുക നേടാൻ ഒട്ടേറെ ഇളവുകൾ പൊതു മേഖലാ ഇൻഷുറൻസ് കമ്പനികൾ പ്രഖ്യാപിച്ചു. വളർത്തുമൃഗങ്ങളുടെ ഇൻഷുറൻസ് തുക ലഭിക്കാൻ ടാഗ് ഹാജരാക്കേണ്ടതില്ല. തദ്ദേശസ്ഥാപനങ്ങളിൽ നിന്നോ വില്ലേജ് ഓഫിസിൽ നിന്നോ ലഭിക്കുന്ന സർട്ടിഫിക്കറ്റ് മതി. വ്യക്തിഗത ഇൻഷുറൻസ് പ്ലെയിമിനു പേസ്റ്റ്മോർട്ടം റിപ്പോർട്ട് വേണ്ട. ഇരുചക്രവാഹനങ്ങൾ വൃത്തിയാക്കുക, ബാറ്ററി മാറ്റുക, ഓയിൽ/സ്പാർക്ക് പ്ലഗ് മാറ്റുക, ബ്രേക്കും ക്ലച്ചും വൃത്തിയാക്കുക എന്നിവയ്ക്ക് 3500 രൂപവരെ ഉടൻ നൽകും. വീടുകൾക്കും കടകൾക്കും ഉണ്ടായ നഷ്ടത്തെക്കുറിച്ചു വേഗത്തിൽ റിപ്പോർട്ട് നൽകാൻ സർവേയർമാരോട് ആവശ്യപ്പെട്ടു. വീടുകൾക്ക് ഒരു ലക്ഷം രൂപ വരെയും കടകൾക്ക് അഞ്ചു ലക്ഷം രൂപ വരെയുമുള്ള ക്ലെയിമുകൾ വേഗത്തിൽ തീർപ്പാക്കും. അപേക്ഷിക്കാനുള്ള സമയപരിധി വ്യക്തികൾക്കു സെപ്റ്റംബർ 30 വരെയും മറ്റുള്ളവർക്ക് സെപ്റ്റംബർ 15 വരെയും നീട്ടി.

പ്രത്യേക അക്കൗണ്ട് ആയിക്കൂടേ: ഹൈക്കോടതി

മനോരമ ലേഖിക

കൊച്ചി∙ പ്രളയ ദുരിതാശ്വാസത്തിനായി മുഖ്യമന്ത്രിയുടെ നിധിയിലേക്കു ലഭിക്കുന്ന പണം പ്രത്യേക അക്കൗണ്ടിലേക്കു മാറ്റുകയോ പ്രത്യേക സംവിധാനം രൂപീകരിക്കുകയോ ചെയ്യുന്നതല്ലേ ഉചിതമെന്നു ഹൈക്കോടതി. ലഭിച്ച സഹായങ്ങളും വസ്തുക്കളും ദുരിതബാധിതർക്കു തന്നെ ലഭിക്കുന്ന കാര്യം ഉറപ്പാക്കണമെന്നും ഹൈക്കോടതി പറഞ്ഞു. പ്രളയ ദുരിതാശ്വാസത്തിനായി ലഭിക്കുന്ന ഒറ്റ പൈസ പോലും മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കില്ലെന്ന് അഡ്വക്കറ്റ് ജനറൽ ഉറപ്പു നൽകി.

ജനം പണം നൽകിയതു പ്രളയ ദുരിതാശ്വാസത്തിനായതിനാൽ പ്രത്യേക അക്കൗണ്ടോ നടത്തിപ്പിനു പ്രത്യേക സംവിധാനമോ പരിഗണിക്കാമെന്നു വാദത്തിനിടെ കോടതി പറഞ്ഞു.

പണം നൽകിയവരെ വിശദാംശം അറിയിക്കുംവിധം കാര്യങ്ങൾ സുതാര്യമാക്കണം. എങ്ങിയുടെ ഉറപ്പുള്ളതിനാൽ ആശങ്കയില്ല. ഈ പണം മറ്റെന്തെങ്കിലും തരത്തിൽ ഉപയോഗിക്കുമെന്നു കരുതുന്നില്ലെന്നും കോടതി കൂട്ടിച്ചേർത്തു.

പേജ് 4

ദുരന്തം കുറയ്ക്കുന്ന പുനർനിർമാണം ലക്ഷ്യമെന്ന് സർക്കാർ

മണ്ണിടിച്ചിൽ ഉണ്ടായ സ്ഥലത്ത് നിർമാണം വിലക്കി

തിരുവനന്തപുരം ∙ പ്രളയക്കെടുതിയെ തുടർന്നു മണ്ണിടിച്ചിലുണ്ടായ സ്ഥലങ്ങളിൽ പുനർനിർമാണമോ പുതിയ നിർമിതിയോ തൽക്കാലം പാടില്ലെന്നു വിലക്കി സർക്കാർ ഉത്തരവ്. സർക്കാർ ശാസ്ത്രീയ പഠനം നടത്തിയശേഷം ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുമെന്ന് ചീഫ് സെക്രട്ടറിയുടെ ഉത്തരവിൽ പറയുന്നു. അതുവരെ ജില്ലാ ഭരണകൂടങ്ങൾ ഇത്തരം പ്രദേശങ്ങളിൽ നിർമാണപ്രവർത്തനങ്ങൾ അനുവദിക്കരുതെന്നും ഉത്തരവിൽ പറയുന്നു.

സിബിഎസ്ഇ, ഐസിഎസ്ഇ പരീക്ഷ മാറ്റാൻ നിർദേശം

തിരുവനന്തപുരം∙ സംസ്ഥാനത്തെ ചില സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകളിൽ ഇന്നുമുതൽ നടത്താനിരുന്ന പരീക്ഷകൾ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മാറ്റിവയ്ക്കണമെന്നു പൊതുവിദ്യാഭ്യാസ സെക്രട്ടറി ഉത്തരവിട്ടു. സിബിഎസ്ഇ സ്കൂളുകളിൽ ഇന്ന് ആരംഭിക്കാനിരുന്ന ഇന്റേണൽ പരീക്ഷകൾ സെപ്റ്റംബർ പത്തിനു ശേഷമേ നടത്താവൂ എന്ന് സിബിഎസ്ഇ റീജനൽ ഓഫിസർ തരുൺ കുമാർ ഉത്തരവിറക്കിയിട്ടുണ്ട്.

നേർക്കാഴ്ച വിശദ റിപ്പോർട്ട് തന്നാൽ കൂടുതൽ കേന്ദ്രസഹായം: പൊൻ രാധാകൃഷ്ണൻ